**ക്രമപ്രശ്നം**

വഖഫ് ബോർഡിന്റെ റെഗുലേഷൻ വരുത്തിയ ഭേദഗതി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഇവിടെ വളരെ ചുരുക്കി പറയുകയാണ്, വഖഫ് ആക്ടുമായി ബന്ധപ്പെട്ട് സഭയുടെ മേശപ്പുറത്ത് കഴിഞ്ഞ മാസം 29-ന് വച്ച ഒരു റെഗുലേഷനുമായി ബന്ധപ്പെട്ടതാണ് ക്രമപ്രശ്നമായി ഞാൻ ഉന്നയിക്കുന്നത്. വഖഫ് ആക്ടിലെ സെക്ഷൻ 109 പ്രകാരം ഈ ആക്ടിനുള്ള റൂൾസ് ഉണ്ടാക്കാനുള്ള അധികാരം സർക്കാരിനാണ്. സെക്ഷൻ 110 പ്രകാരം റെഗുലേഷനുണ്ടാക്കാനുള്ള അധികാരം വഖഫ് ബോർഡിനാണ്. ഈ രണ്ട് സംഗതികളും, റൂൾസായാലും റെഗുലേഷനായാലും അതുണ്ടാക്കി ഏറ്റവും പെട്ടെന്ന് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സെക്ഷൻ 111 പ്രകാരം കൃത്യമായി പറയുന്നുമുണ്ട്. സെക്ഷൻ 110 പ്രകാരം ഉണ്ടാക്കേണ്ട റെഗുലേഷനിൽ സർക്കാരിന് മാറ്റം വരുത്താൻ അധികാരമില്ല. സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ള റെഗുലേഷൻ വഖഫ് ബോർഡ് കൊടുത്തതുപ്രകാരമുള്ളതല്ല അതിൽ മാറ്റം വരുത്തിയാണ് വച്ചിട്ടുള്ളത്. അങ്ങനെയാണ് ഇതൊരു ക്രമപ്രശ്നമാകുന്നത്. ആക്ട് പ്രകാരം മാറ്റം വരുത്താൻ സർക്കാരിന് അധികാരമില്ലാത്ത ഒരു സംഗതിയിൽ മാറ്റം വരുത്തിയാണ്

സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളത്. മാറ്റം വരുത്തിയ ഭാഗങ്ങൾ റിട്ടയർമെന്റുമായി ബന്ധപ്പെട്ടതാണ്. 58 വയസ്സ് റിട്ടയർമെന്റ് പ്രായം ആക്കുകയും എന്നാൽ 56 വയസ്സിനുശേഷം യാതൊരുവിധ ആനുകൂല്യങ്ങളുമില്ലാതെ 58 വയസ്സുവരെ തുടരാമെന്ന് റെഗുലേഷൻ ബോർഡ് തന്നതിന് വിരുദ്ധമായി സർക്കാർ കൂട്ടിച്ചേർത്തിരിക്കുകയുമാണ്. അതുപോലെതന്നെ conduct rules-ഉം വഖഫ് ബോർഡിലെ ജീവനക്കാർക്ക് ബാധകമാക്കിയിരിക്കുകയാണ്. കേവലം മൂന്ന് ശതമാനം ഗ്രാന്റ് മാത്രമാണ് വഖഫ് ബോർഡിന് കിട്ടുന്നതെന്നിരിക്കെ ഏയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർക്കുപോലുമില്ലാത്ത conduct rule വഖഫ് ബോർഡ് ജീവനക്കാർക്ക് ബാധകമാക്കിയതിനെയാണ് വഖഫ് ബോർഡ് എതിർക്കുന്നത്. അതിനുപരി ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ രണ്ട് കേസ്സുകൾ നിലനിൽക്കുന്നുണ്ട്. ഈ കേസ് തീർപ്പിന് വിധേയമായിട്ടേ ഈ റെഗുലേഷൻ ഫൈനലൈസ് ചെയ്യാവൂവെന്ന് അതിലെ ഒരു കേസിൽ കൃത്യമായിട്ട് പറയുന്നുണ്ട്. അപ്പോൾ ഈ കേസ് ഇപ്പോഴും പെന്റിംഗാണ്. കേസ് നിലനിൽക്കെയാണ് ഇത് ഇവിടെ ഫൈനലൈസ് ചെയ്ത് സഭയുടെ മേശപ്പുറത്ത് ദിവസങ്ങൾക്കുമുമ്പ് വച്ചിട്ടുള്ളത്.

അതുപോലെതന്നെ ഇത് 2016-ൽ ഉണ്ടാക്കിയ റെഗുലേഷനാണ്. ഏറ്റവും അടുത്ത സഭയിൽ ഇത് വയ്ക്കണമെന്ന് വഖഫ് ആക്ടിന്റെ സെക്ഷൻ 111-ൽ കൃത്യമായിട്ട് പറയുന്നുണ്ട്. എന്നാൽ ഇത് സഭയിൽ വയ്ക്കുന്നത് മൂന്നര കൊല്ലം വൈകിയിട്ടാണ്. ഒരുപക്ഷേ, ഇതിന് മറുപടി പറയുമ്പോൾ പറഞ്ഞേക്കാം, ഇത് 2016 രണ്ടാം മാസം അന്നത്തെ ഗവൺമെന്റ് സഭയിൽ വയ്ക്കാതെ ഗസറ്റിൽ നോട്ടിഫൈ ചെയ്തതാണെന്ന്. ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത് ഡിപ്പാർട്ട്മെന്റ് വരുത്തിയിട്ടുള്ള വീഴ്ചയാണ്. ഏത് ഗവൺമെന്റ് എന്നുള്ളതല്ല പ്രശ്നം. ഇത് തയ്യാറാക്കി ഏറ്റവും അടുത്ത തീയതിയിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. 2016-ലെ ഒരു റെഗുലേഷനാണ് 2019-ന്റെ അവസാനത്തിൽ മേശപ്പുറത്ത് വച്ചിട്ടുള്ളത് എന്ന കാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഈ വിഷയങ്ങളെല്ലാം ക്രമവിരുദ്ധമാണ്. ഇവിടെ സാധാരണഗതിയിൽ നമ്മൾ ഒരു ക്രമപ്രശ്നം ഉന്നയിക്കുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കറുടെ റോളും സഭയുടെ റോളുമാണ് പറയേണ്ടിവരുന്നത്. പക്ഷേ, ഇവിടെയുള്ള സംഗതിയെന്നത്, കോടതി മുമ്പാകെയുള്ള തീർപ്പുവന്നിട്ടില്ല; വിഷയമാണ് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളത്. അതുപോലെതന്നെ ആക്ട് പ്രകാരം മാറ്റം വരുത്താൻ സർക്കാരിന് അധികാരമില്ലാത്ത കാര്യത്തിൽ

ഇവിടെ മാറ്റം വരുത്തിയിരിക്കുന്നു. അങ്ങനെയുള്ളൊരു സംഗതിയാണ് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളത്. ഇത് ശരിയായ രീതിയിലുള്ളതല്ല എന്നതാണ് എന്റെ ആക്ഷേപം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 (1) പ്രകാരമാണ് G.O (MS) No. 58/2016 RD 27-01-2016 പ്രകാരമുള്ള വിജ്ഞാപനം 04-07-2019-ന് സഭയുടെ മേശപ്പുറത്ത് വച്ചത്. എന്നാൽ സമർപ്പിക്കപ്പെട്ട വിജ്ഞാപനം 14 ദിവസം സഭാ സമ്മേളനത്തിനുമുമ്പിൽ ഉണ്ടാകണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥപ്രകാരം സമർപ്പിക്കപ്പെട്ട വിജ്ഞാപനം നിലനിൽക്കാത്ത സാഹചര്യത്തിൽ ചട്ടം 166 (2) പ്രകാരമാണ് ഇതേ വിജ്ഞാപനം 29-10-2019 -ൽ വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടി വന്നത്. ബഹുമാനപ്പെട്ട അംഗം ഉയർത്തിക്കാട്ടിയ റിട്ടയർമെന്റ് പ്രായം സംബന്ധിച്ച് 17-06-2013-ൽ വഖഫ് ബോർഡ് സർക്കാരിന് സമർപ്പിച്ച റെഗുലേഷനിൽ നിർദ്ദേശിച്ചിട്ടുള്ളത് ഇപ്രകാരമാണ്. Chapter V Section 15 Sub section 11. The scale of pay

and age of retirement of an employee shall be as applicable to a government servant. However, the employees of the board who are in the service of the board prior to the publication of this regulation will be allowed to continue in the service till 58 years subject to the condition that the service after 56 years will not be counted as qualifying service for calculating pension, gratuity etc.... ഈ റെഗുലേഷൻ വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്തിയപ്പോഴും ഇതേപ്രകാരം തന്നെയാണ് വിളമ്പരപ്പെടുത്തിയിട്ടുള്ളത്. Chapter V ഖണ്ഡിക 7, 11. വഖഫ് ബോർഡ് നിർദ്ദേശിച്ചിട്ടുള്ള റെഗുലേഷനിൽ Chapter V ഖണ്ഡിക 6 ഉപഖണ്ഡിക 11-ൽ Qualifying service for calculating pension, gratuity etc.... എന്നതിനുശേഷം വിജ്ഞാപനം പ്രസിദ്ധീകരിച്ചപ്പോൾ The period of retention എന്ന് തുടങ്ങുന്ന വാചകങ്ങളും കൂട്ടിച്ചേർത്തുവെന്നതാണ് അംഗത്തിന്റെ ആക്ഷേപം. എന്നാലിത് ഭരണ വകുപ്പിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ വിജ്ഞാപനം ഓർഡറിലാക്കുന്നതിനുള്ള വിശദീകരണം മാത്രമാണ്. വഖഫ് ബോർഡ് സമർപ്പിച്ച റെഗുലേഷന് വിരുദ്ധമായി യാതൊരു നിർദ്ദേശവും സർക്കാർ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുമാത്രമല്ല, ഈ

വിജ്ഞാപനം പ്രസിദ്ധീകരിച്ചത് അങ്ങുതന്നെ ചൂണ്ടികാണിച്ചതുപോലെ 01-02-2016-ന് മുൻ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. ഈ സർക്കാർ വിജ്ഞാപനം ടേബിൾ ചെയ്യുക മാത്രമേ ചെയ്തിട്ടുള്ളൂ. വഖഫ് ബോർഡ് റെഗുലേഷനുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ധനകാര്യം, നിയമം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം എന്നീ വകുപ്പുകളുടെ പരിശോധനകളുടെ അടിസ്ഥാനത്തിലാണ് കരട് റെഗുലേഷൻ മന്ത്രിസഭാ യോഗത്തിൽ സമർപ്പിച്ച് അംഗീകരിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്ന് നിലവിൽ സർക്കാരിന് യാതൊരു നിർദ്ദേശങ്ങളും ലഭ്യമായതായി പരിശോധനയിൽ കാണുന്നില്ല. അതിനാൽ ഇത് പരിഗണനാ വിഷയവുമല്ല. മേൽസാഹചര്യത്തിൽ കേരള വഖഫ് ബോർഡ് റെഗുലേഷൻസ് 2016 ക്രമപ്രകാരമാണെന്ന് ബോധിപ്പിക്കുന്നു.

**റൂളിംഗ്**

മി. സ്പീക്കർ: 1995-ലെ 43-ാം കേന്ദ്രനിയമമായ The Waqf Act, 1995-ന്റെ section 110 പ്രകാരം കേരള സ്റ്റേറ്റ് വഖഫ് ബോർഡ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച 2016-ലെ സ്റ്റേറ്റ് വഖഫ് ബോർഡ് റെഗുലേഷൻസിലെ ഖണ്ഡിക 6 (11) -ൽ ഭേദഗതി വരുത്തിയാണ് സർക്കാർ

പ്രസിദ്ധീകരിച്ചതെന്നും ഇത് ബോർഡ് ജീവനക്കാരുടെ താല്പര്യത്തിന് വിരുദ്ധവും സ്വാഭാവിക നീതിയുടെ ലംഘനവും ആണെന്നും സർക്കാരിന് അത്തരത്തിൽ ബോർഡ് തയ്യാറാക്കി സമർപ്പിക്കുന്ന റെഗുലേഷൻസിന്റെ കരടിൽ മാറ്റം വരുത്താൻ അധികാരമില്ലെന്നുമാണ് ശ്രീ. എൻ. ഷംസുദ്ദീൻ തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

എന്നാൽ പ്രസ്തുത റെഗുലേഷൻ പ്രസിദ്ധീകരിച്ച കാര്യത്തിൽ മൂലനിയമത്തിന്റെ വ്യവസ്ഥയ്ക്ക് വിരുദ്ധമായ ഒരു നടപടിയും ഉണ്ടായിട്ടില്ലായെന്നും ബോർഡ് തയ്യാറാക്കി സമർപ്പിച്ച കരട് റെഗുലേഷൻസിൽ വ്യക്തതയ്ക്കുവേണ്ടി സർക്കാരിന്റെ ഭരണ വകുപ്പുകൾ നിർദ്ദേശിച്ചതും ആവശ്യം വേണ്ടതുമായ നിർദ്ദേശങ്ങൾകൂടി ഉൾക്കൊള്ളിച്ചാണ് പ്രസിദ്ധീകരിച്ചതെന്നുമാണ് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഇവിടെ പ്രസിദ്ധീകരിച്ചത്.

ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു ക്രമപ്രശ്നമായി ഇക്കാര്യം സഭയിൽ ഉന്നയിക്കാൻ ശ്രീ. എൻ. ഷംസുദ്ദീന് അനുവാദം നൽകിയെങ്കിലും പൂർണ്ണ അർത്ഥത്തിൽ ഇക്കാര്യം ഒരു ക്രമപ്രശ്നത്തിന്റെ

പരിധിയിൽ വരുന്ന ഒന്നല്ല എന്നാണ് കാണാൻ കഴിയുന്നത്.

മൂലനിയമത്തിലെ വകുപ്പ് 110 പറയുന്നത് " The Board may, with the previous sanction of the State Government make regulations not inconsistent with this Act or Rules made there under, for carrying out its functions under this Act" എന്നാണ്.

അതായത്, റെഗുലേഷൻസ് തയ്യാറാക്കാൻ ബോർഡിനുള്ള അധികാരം അന്തിമമല്ല. സർക്കാരിന്റെ മുൻകൂർ അനുമതിക്ക് വിധേയമായി മാത്രമേ അപ്രകാരം റെഗുലേഷൻ പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ എന്നുതന്നെയാണ് നിയമവ്യവസ്ഥ. അതിൻപ്രകാരം ഇവിടെ പ്രസിദ്ധീകരിക്കപ്പെട്ട റെഗുലേഷനിലെ ഖണ്ഡിക (11)-ൽ ബോർഡ് നിർദ്ദേശിച്ച വ്യവസ്ഥയിൽ സർക്കാർ കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ട് എന്ന് കാണുന്നുണ്ട്. എന്നാൽ അത് പ്രസ്തുത വ്യവസ്ഥയുടെ വ്യക്തതയ്ക്കുവേണ്ടിയാണെന്നും കാണുന്നു. മൂലനിയമത്തിലെ വകുപ്പ് 110-ൽ അതിന് സർക്കാരിന് അധികാരം നൽകുന്നതായും കാണുന്നു. ആകയാൽ ഇക്കാര്യത്തിൽ നിയമവിരുദ്ധമായി എന്തെങ്കിലും ഉണ്ടായിട്ടുണ്ട് എന്ന് പറയാനാകില്ല. അതിനാലാണ് ഇതൊരു ക്രമപ്രശ്നത്തിന്റെ പരിധിയിൽ വരുന്നില്ല എന്ന് സൂചിപ്പിച്ചത്.

എന്നാൽ 2016 ഫെബ്രുവരി ഒന്നാം തീയതി വിജ്ഞാപനം ചെയ്ത ഈ റെഗുലേഷൻ മൂന്നുവർഷത്തിലധികം കാലതാമസം വരുത്തി 04-07-2019-നാണ് ആദ്യമായി സഭയുടെ മേശപ്പുറത്തുവച്ചത്. ആ സമയത്ത് സഭയിൽ ഹാജരാക്കിയ കാലതാമസപത്രികയിൽ പറഞ്ഞിരിക്കുന്നത് "കാലതാമസം മനഃപൂർവ്വമല്ലെന്നും ഭരണപരമായ കാരണങ്ങളാലാണ് നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത റെഗുലേഷൻസ് സഭയിൽ സമർപ്പിക്കാൻ കഴിയാതെ പോയതെന്നുമാണ്".

ഇത്തരം വിശദീകരണങ്ങൾ യാതൊരു കാരണവശാലും അംഗീകരിക്കുവാൻ കഴിയുന്നതല്ല. സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട രേഖകൾ ഇതുപോലെ അനിശ്ചിതമായ കാലതാമസം വരുത്തുന്നത് സഭയോടുള്ള അനാദരവായിക്കണ്ട് തുടർനടപടി സ്വീകരിക്കേണ്ടിവരുമെന്ന് ബന്ധപ്പെട്ടവരെ ചെയർ ഓർമ്മിപ്പിക്കുന്നു. മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി ഇക്കാര്യം വിശദമായി പരിശോധിക്കുമെന്ന് ചെയർ കരുതുന്നു. ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.